മഞ്ചേരി മണ്ഡലത്തിലെ മേലാക്കര തോട് സംരക്ഷിക്കാൻ നടപടി

52 [3914] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ മേലാക്കര തോട് സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. മഞ്ചേരി മണ്ഡലത്തിലെ മേലാക്കര പള്ളിത്തോടിന്റെ പുനരുദ്ധാരണത്തിനും പാർശ്വസംരക്ഷണത്തിനുമായി 1999 നിരക്ക് പ്രകാരം 4,50,000 രൂപയുടെ അടങ്കൽ നിർദ്ദേശം സാമ്പത്തികാനുമതിക്കായി പരിഗണനയിലുണ്ട്. അടങ്കലിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പരിഹരിച്ചാലുടൻ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തിക്ക് അനുമതി നൽകുന്നതാണ്.

മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്

53 [3915] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് എന്നത്തേക്ക് പണി പൂർത്തീകരിക്കാമെന്നാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) പണിപൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ എത്ര ഹെക്ടർ സ്ഥലത്തെ കൃഷിക്ക് ഇതിന്റെ പ്രയോജനം ലഭിക്കും?

ഉത്തരം

(എ) & (ബി) 6-6-1983-ൽ സെൻട്രൽ വാട്ടർ കമ്മീഷനിൽനിന്നും ലഭിച്ച അനുമതി പ്രകാരം എം. വി. ഐ. പി. യുടെ പണി 1993-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിലും വർക്കുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസം, കോടതി വ്യവഹാരങ്ങൾ, സർക്കാരിന്റെ സാമ്പത്തിക പരാധീനത, ചില സാങ്കേതിക കാരണങ്ങൾ എന്നിവമൂലമാണ് പണിപൂർത്തീകരണം വൈകുന്നത്. 2006-ൽ പണിപൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പദ്ധതി പൂർത്തീകരിച്ചാൽ 37737 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly